അടച്ചുപൂട്ടിയ തൊഴിൽശാലകളുടെ എണ്ണം

114 [466] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്ര വ്യവസായ ശാലകൾ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങൾ എത്ര; ചെറുകിട വ്യവസായ സ്ഥാപനങ്ങൾ എത്ര എന്ന് വിശദമാക്കാമോ;

(ബി) അടച്ചുപൂട്ടിയ വ്യവസായ ശാലകളിലെ എത്രപേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ചെറുകിട വ്യവസായങ്ങൾ അടച്ചുപൂട്ടിയതിന്റെ പലമായി തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) വി. ആർ. എസ്. നടപ്പിലാക്കിയതിന്റേയും, അടച്ചുപൂട്ടിയതിന്റേയും ഫലമായി തൊഴിൽ നഷ്ടപ്പെട്ട പൊതുമേഖലാസ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകാൻ എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എട്ട് പൊതുമേഖലാസ്ഥാപനങ്ങളും 3531 ചെറുകിട വ്യവസായ യൂണിറ്റുകളും അടച്ചുപൂട്ടിയിട്ടുണ്ട്.

(ബി) 2948 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) പ്രത്യേക നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടില്ല.

(ഡി) ഇതുവരെ 8332.12 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ വ്യവസായങ്ങളെ സംരക്ഷിക്കാൻ നടപടി

115 [467] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായങ്ങളെ സംരക്ഷിക്കാൻ യു. ഡി. എഫ്. സർക്കാർ അധികാരമേറ്റെടുത്തശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) വ്യവസായ പുനരുദ്ധാരണ സമിതി നൽകിയ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ശുപാർശകളുടെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവായും ഡയറക്ടർ ബോർഡിലും പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിനും കമ്പനിയിലെ മാനവ ശേഷിയുടെ വികസനത്തിനായും ഓഡിറ്റ് സിസ്റ്റം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായ വകുപ്പ് മന്ത്രിയും, സെക്രട്ടറിമാരും, പൊതുമേഖലാ പുനഃസംഘടനാബോർഡും നേരിട്ട് കമ്പനികളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഒരു വൺടൈം സപ്പോർട്ട് നൽകാനുള്ള നയപരമായ തീരുമാനം എടുക്കുകയുണ്ടായി. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു പുതിയ സമീപനത്തിന് രൂപം നൽകുന്നതിനായി വ്യവസായ-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, ധന-എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി രൂപീകരിച്ചിരുന്ന എന്റർപ്രൈസസ് റീഹോൾസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് സ്ഥാപനങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിൽ ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്നതിനായി അധികമുള്ള ജീവനക്കാരെ ഒരു സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയം പിരിഞ്ഞുപോകുന്നതിനായുള്ള ഒരു പദ്ധതി (സോഷ്യൽ സേഫ്റ്റി നെറ്റ് പ്രോഗ്രാം - എസ്. എസ്. എൻ. പി.) സർക്കാർ നടപ്പാക്കിയിട്ടുണ്ട്.

(ബി) & (സി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ വാണിജ്യപരമായി മത്സരക്ഷമതയുള്ളതാക്കുംവിധം നടപടി സ്വീകരിക്കാനുള്ള ശുപാർശകളാണ് ഇ. ആർ. സി. നടത്തിയിട്ടുള്ളത്. എന്റർപ്രൈസസ് റീഹോൾസ് കമ്മിറ്റി ഇതേവരെ 45 ശുപാർശകൾ സർക്കാരിനു സമർപ്പിക്കുകയും 30 എണ്ണത്തിൽ സർക്കാർ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, കേരള സോപ്സ് ആന്റ് ഓയിൽസ്, കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ്, കെൽട്രോൺ റെക്ടിഫയേഴ്സ്, കേരള സിറാമിക്സിന്റെ ഒരു ഡിവിഷൻ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒരു യൂണിറ്റ്, മെട്രോപോളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്നിവ എന്റർപ്രൈസസ് റീഹോൾസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് സർക്കാർ അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇ. ആർ. സി.-യുടെ ശുപാർശയിൻമേൽ സർക്കാർ എടുത്ത തീരുമാനമനുസരിച്ച് കെൽട്രോൺ കൗണ്ടേഴ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് സാലിസിലേറ്റേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ആസ്ട്രാൾ വാച്ചസ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് എന്നിവയിൽ 100% സ്വകാര്യ നിക്ഷേപത്തിന് സർക്കാർ പരസ്യം ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ കഴിയുന്നത്ര പൊതുമേഖലയിൽതന്നെ നിലനിർത്താനാണ് സർക്കാർ തീരുമാനം. പുനരുദ്ധാരണത്തിന്റെ ഭാഗമായോ അടച്ചുപൂട്ടിയതിന്റെ ഫലമായോ പിരിഞ്ഞുപോകുന്ന ജീവനക്കാർക്കായി ഒരു സാമൂഹ്യസുരക്ഷാ പദ്ധതി സർക്കാർ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

116 [468] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത് എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ ജില്ലകളിലും വിവിധ വിഭാഗങ്ങളിലായി 41388 ചെറുകിട വ്യവസായ യൂണിറ്റുകൾ (ചെറുകിട വ്യവസായ സേവന വ്യാപാര എസ്റ്റാബ്ലിഷ്മെന്റുകൾ ഉൾപ്പെടെ) ആരംഭിച്ചിട്ടുണ്ട്. ഇതിൽ റെഡിമെയ്ഡ് യൂണിറ്റുകൾ, ഐ. ടി. അനുബന്ധ യൂണിറ്റുകൾ, ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ, സേവന മേഖലയിലെ യൂണിറ്റുകൾ, ജോബ് വർക്കു ചെയ്യുന്ന യൂണിറ്റുകൾ ഉൾപ്പെടെ ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റുകൾ, റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ, ലൈറ്റ് എൻജിനീയറിംഗ് യൂണിറ്റുകൾ, ഇലക്ട്രോണിക് വ്യവസായ യൂണിറ്റുകൾ മുതലായവ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly